പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 630 — 8-3-2012-ൽ മറുപടിയ്ക്ക്

## ജീവിതശൈലീ ക്ളിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ ഹൈബി ഈഡൻ<br>ശ്രീ ജോസഫ് വാഴക്കൻ<br>ശ്രീ തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

(എ) മുഴുവൻ ആശുപത്രികളിലും ജീവിതശൈലീ ക്ളിനിക്കുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(എ) സംസ്ഥാന പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലെയും പി.എച്ച്.സി/ സി.എച്ച്.സികളിൽ ആഴ്ചയിൽ ഒരു ദിവസം രോഗികളെ പരിശോധിച്ച് ചികിത്സാനിർണ്ണയം നടത്തുന്നതിനായി എൻസിഡി ക്ലിനിക്കുകൾ ആരംഭിച്ചിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. എൻസിഡി ക്ലിനിക്കുകളിൽ ഒരു ഡോക്ടറുടെയും സ്റ്റാഫ് നേഴ്സ് / ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ഇപ്പോൾതന്നെ ലഭ്യമാണ്.

(ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഇത്തരം ക്ളിനിക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സംസ്ഥാന പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലെയും പി.എച്ച്.സി/ സി.എച്ച്.സികളിലും ഇത്തരം ക്ലിനിക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ എല്ലാ സി.എച്ച്.സികളിലും എൻസിഡി ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചുതുടങ്ങിയിട്ടുണ്ട്. ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലും ഉടൻതന്നെ എല്ലാ സി.എച്ച്.സികളിലും എൻസിഡി ക്ലിനിക് ആരംഭിക്കുന്നതാണ്.

(സി) എന്ത് കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്?

(സി) NPCDCS (National Programme for the Prevention and Control of Cancer, Diabetes, Cardio Vascular Disease and Stroke) പദ്ധതിപ്രകാരം കേന്ദ്ര ഗവൺമെന്റിൽനിന്നും 80% ഗ്രാൻഡ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നുണ്ട്.

B.V.Kumar

സെക്ഷൻ ഓഫീസർ